**സുരക്ഷാ വിഷയങ്ങളിലുള്ള ഇന്ത്യ-നേപ്പാൾ ഉഭയകക്ഷി കൂടിയാലോചനാ സംഘത്തിന്‌റെ പന്ത്രണ്ടാം യോഗം**

ജൂൺ10, 2016

സുരക്ഷാ വിഷയങ്ങളിലുള്ള ഇന്ത്യ-നേപ്പാൾ ഉഭയകക്ഷി കൂടിയാലോചനാ സംഘത്തിന്‌റെ പന്ത്രണ്ടാം യോഗം ന്യൂ ഡെൽഹിയിൽ ജൂൺ ഒൻപതിന് ചേർന്നു ( ജൂൺ 9 ,2016). ഇന്ത്യയുടെ പ്രതിനിധികളെ ഗവൺമെന്‌റ് ഓഫ് ഇന്ത്യയുടെ വിദേശ കാര്യ മന്ത്രാലയത്തിലെ, ജോയിന്‌റ് സെക്രട്ടറി (വടക്ക്), ശ്രീ അഭയ് താക്കൂർ നയിച്ചു. നേപ്പാൾ പ്രതിനിധികളെ ഗവൺമെന്‌റ് ഓഫ് നേപ്പാൾ , വിദേശകാര്യ മന്ത്രാലയത്തിലെ ജോയിന്‌റ് സെക്രട്ടറി (സൗത്ത് ഏഷ്യ ) ശ്രീ പ്രകാശ് കുമാർ സുവേദി നയിച്ചു.
ഇരു ഭാഗത്തേയും പ്രതിനിധി സംഘങ്ങളിൽ അതാത് പ്രതിരോധ മന്ത്രാലയങ്ങളിലെ ഉദ്യോഗസ്ഥർ , നിരവധി വകുപ്പുകളിലെ / ഇന്ത്യൻ .നേപ്പാൾ സൈന്യ വകുപ്പുകളിലെ പരിശീലന, കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ എന്നിവരും ഉൾപ്പെട്ടിരുന്നു

നേപ്പാൾ പ്രതിനിധി സംഘത്തിന്‌റെ പരിപാടികളിൽ ഇന്ത്യൻ സൈന്യത്തിന്‌റെ ചീഫ് ഓഫ് ആർമി സ്റ്റാഫുമായി കൂടിക്കാഴ്ച, ദേശീയ ദുരിതാശ്വാസ പ്രതികരണ സേന ( National Disaster Response Force (NDRF) ,നാഷണൽ ഡിഫൻസ് കോളജുമായി ചർച്ചകൾ എന്നിവയും ഉണ്ടായിരുന്നു

പരസ്പര സുരക്ഷാ കാര്യങ്ങൾ, പ്രതിരോധം, പരിശീലന ആവശ്യങ്ങൾ, വിദഗ്ധർ /പരിശീലകർ എന്നിവരുടെ പരസ്പര വിനിമയം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിലെ സഹകരണം, നേപ്പാളിൽ ഒക്ടോബർ-നവംബർ 2016 ൽ നടക്കാനിരിക്കുന്ന ബറ്റാലിയൻ ലെവൽ പത്താമത് സൂര്യ കിരൺ സംയുക്ത സൈനിക അഭ്യാസങ്ങൾ എന്നീ വിഷയങ്ങൾ ബിസി ജി ചർച്ച ചെയ്തു.

**ന്യൂ ഡെൽഹി**
**ജൂൺ 10, 2016**